# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2394. | 23/01/2014 -ൽ മറുപടിക്ക്

**വ്യാജ മുദ്രപ്പത്രവിതരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ<br>,, സി. മമ്മുട്ടി<br>,, കെ. എൻ. എ. ഖാദർ<br>,, എൻ. എ. നെല്ലിക്കുന്ന് | ശ്രീ. കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) വ്യാജ മുദ്രപ്പത്ര വിതരണം കണ്ടെത്താൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | എ) വ്യാജ ജുഡീഷ്യൽ മുദ്രപ്പത്ര വിതരണം നടത്തുന്നത് സംബന്ധിച്ച് ട്രഷറി വകുപ്പ് വകുപ്പുതല അന്വേഷണം നടത്തുന്നുണ്ട്. ട്രഷറിയിൽ നിന്നും മുദ്രപ്പത്ര വിതരണം ചെയ്തു കഴിയുന്നതുവരെ അവയിൽ വ്യാജമുദ്രപ്പത്രങ്ങൾ കടന്നുകൂടിയതായി കണ്ടെത്തിയിട്ടില്ല. ട്രഷറിക്ക് പുറത്താണ് യഥാർത്ഥത്തിൽ വ്യാജമുദ്രപ്പത്ര ക്രയ വിക്രയം നടക്കുന്നത്.<br>മുദ്രപ്പത്രവിതരണം കൂടുതൽ കാര്യക്ഷമമാക്കാൻ വേണ്ടി ട്രഷറി വകുപ്പ് 20/04/2012-ൽ 07/12 നമ്പറിൽ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിന്റെ അടിസ്ഥാനത്തിൽ മാത്രമേ മുദ്രപ്പത്രങ്ങൾ വിതരണം ചെയ്യാൻ പാടുള്ളുവെന്ന് എല്ലാ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വ്യാജമുദ്ര പത്ര വിതരണം കണ്ടെത്തുന്നതിന് പോലീസ് റെയ്ഡുകൾ നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| ബി) മുദ്രപ്പത്രങ്ങൾ വ്യാജമായി നിർമ്മിച്ച് വിതരണം നടത്തിയതു സംബന്ധിച്ച എത്ര കേസുകൾ നിലവിലുണ്ട്; അവയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ; | ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യാജമുദ്രപ്പത്രങ്ങൾ നിർമ്മിച്ച് വിതരണം നടത്തിയത് സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ.337/2012, 369/2012 എന്നീ നമ്പരുകളിൽ 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടരന്വേഷണം നടത്തുന്നതിനായി ഈ കേസുകൾ 26/06/12ൽ ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്.. |

| | | | |
|---|---|---|---|
| സി) | കമ്പ്യൂട്ടറൈസേഷൻ ഏകദേശം പൂർണ്ണ മായ സാഹചര്യത്തിൽ, രജിസ്ട്രേഷൻ സംബന്ധമായ സ്റ്റാമ്പ് ഡ്യൂട്ടി മുദ്രപ്പത്രം മുഖേന യല്ലാതെ ബാങ്ക് വഴി അട യ്ക്കുന്ന സമ്പ്രദായം ഏർപ്പെടു ത്തുന്ന നടപടിക്രമങ്ങൾ സുഗ മവും സുരക്ഷിതവും ആക്കു ന്നതിന് സഹായകരമാകുമോ എന്ന കാര്യം പരിശോധിച്ചിട്ടു ണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയം പരിഗണിക്കുമോ; വ്യക്തമാക്കുമോ ? | സി) | വ്യാജമുദ്രപ്പത്ര വിതരണം തടയുന്ന തിനായി വിവര സാങ്കേതികവിദ്യയുടെ സഹായത്താൽ മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ ലഭ്യമാക്കുന്നതിനുള്ള ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കുന്ന തിനുള്ള നടപടികൾ ആരംഭിക്കുകയും ഇതിനായി കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (എൻ.ഐ.സി.) സാങ്കേതിക സഹായ ത്താൽ രജിസ്ട്രേഷൻ, ട്രഷറി വകുപ്പു കളുടെ സംയുക്ത സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്. ആയതിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ച് പഠിക്കു ന്നതിനായി രജിസ്ട്രേഷൻ, ട്രഷറി, എൻ.ഐ.സി. ഉദ്യോഗസ്ഥരുടെയും സാങ്കേ തിക വിദഗ്ദ്ധരുടെയും ഒരുസമിതി രൂപീ കരിച്ച് പ്രവർത്തനം തുടങ്ങുകയും ചെയ്തി ട്ടുണ്ട്. ഇ-സ്റ്റാമ്പിംഗ് സംവിധാനം നില വിൽ വരുമ്പോൾ ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം പ്രയോജനപ്പെടുത്തി ആർ ക്കും ഏതു സമയത്തും സ്റ്റാമ്പ് വാങ്ങാ വുന്നതും, സ്റ്റാമ്പ് ഡ്യൂട്ടി ബാങ്ക് വഴി അടയ്ക്കാവുന്നതുമാണ്. ഇ-സ്റ്റാമ്പിംഗ് സംവിധാനത്തിൽ മുദ്രപ്പത്രങ്ങൾ നേരിട്ട് വാങ്ങേണ്ടതില്ലാത്തതിനാൽ ഇത് അത്യന്തം സുരക്ഷിതമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ.